ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ നബാർഡിന്റെ പരിഗണനയിൽ ഉള്ള "ലാന്റ് റിക്ലമേഷൻ ആന്റ് സലിനിറ്റി കൺട്രോൾ ഇൻ ദി കോസ്റ്റൽ ട്രാക്സ് ഓഫ് ആലപ്പുഴ ആന്റ് കൊല്ലം ഡിസ്ട്രിക്ട്" എന്ന പദ്ധതിയിൽ തൊടിയൂർ-വട്ടക്കായൽ ബണ്ട് നിർമ്മാണവും മറ്റ് അനുബന്ധ പ്രവർത്തികളും ഉൾപ്പെടുന്നുണ്ട്.

(സി) പാടശേഖരത്തിലെ മുഴുവൻ സ്ഥലത്തെ വെള്ളം വറ്റിച്ചെങ്കിൽ മാത്രമേ കുറച്ച് സ്ഥലത്തെങ്കിലും കൃഷി ചെയ്യാൻ കഴിയുകയുള്ളൂ എന്ന് കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്.

(ഡി) 2001-2002, 2002-2003 വർഷങ്ങളിൽ കൃഷിചെയ്ത വിസ്തീർണ്ണത്തിന് സബ്സിഡി നൽകുന്നതിന് തടസ്സമില്ലെന്നും 2003-2004-ൽ മട വീഴ്ച മൂലം കൃഷി നാശം സംഭവിച്ചതിനാൽ നഷ്ടപരിഹാരത്തിന് മാത്രമേ അർഹതയുള്ളുവെന്നും എന്നാൽ ഇപ്രകാരം അപേക്ഷകളൊന്നും ആലപ്പുഴ പുഞ്ച സ്പെഷ്യൽ ഓഫീസിൽ ലഭിച്ചിട്ടില്ലെന്നും ലാന്റ് റവന്യൂ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

(ഇ) 1999-2000-ലെ സബ്സിഡി നൽകുന്നതിനായി കരുനാഗപ്പള്ളി തഹസീൽദാർ നൽകിയ 'ബി' ഫാറം അടിസ്ഥാനമായി സ്വീകരിക്കുകയും മേൽ കാലയളവുകളിലെ പമ്പിംഗ് കോൺട്രാക്ടർക്ക് 313.75 ഏക്കർ കൃഷി പ്രദേശത്തിന് മോട്ടോർ, വൈദ്യുതി ചാർജ്ജ് എന്നിവ കുറവ് ചെയ്ത് 74,383 രൂപയുടെ ബിൽ നൽകിയിട്ടുള്ളതുമാണ്.

കയർ മേഖലയുടെ വികസനത്തിനായി പദ്ധതികൾ

133 [451] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയുടെ വികസനം ലക്ഷ്യമാക്കി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) 2003-2004, 2004-2005 സാമ്പത്തിക വർഷത്തിൽ എന്തു തുക വീതം ഈ ആവശ്യത്തിനായി നീക്കി വയ്ക്കുകയുണ്ടായി; ചെലവഴിച്ച തുക എത്ര;

(സി) ഓരോ പദ്ധതിയും നീക്കിവച്ചതുകയും, ചെലവഴിച്ച തുകയും, എത്ര യെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കയർ മേഖലയുടെ വികസനം ലക്ഷ്യമാക്കി സ്വീകരിച്ച നടപടികൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

(ബി, സി) 2003-2004 സാമ്പത്തിക വർഷത്തിൽ കയർ മേഖലയുടെ വികസനത്തിനായി വിവിധ പദ്ധതികളിലൂടെ വകയിരുത്തിയിരുന്ന തുകയും ടി വർഷത്തിൽ ഓരോ പദ്ധതിക്കും ചെലവാക്കിയ തുകയും സംബന്ധിക്കുന്ന വിശദമായ സ്റ്റേറ്റ്മെന്റും† അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.

2004-2005-ൽ കയർ മേഖലയുടെ വികസനത്തിനായി ആവിഷ്ക്കരിച്ച പദ്ധതികളും നീക്കിവച്ച തുകയും ടി ഇനത്തിൽ 31-12-2004 വരെ ചെലവഴിച്ച തുകയെ സംബന്ധിക്കുന്ന വിവരവും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് †അനുബന്ധം 3-ൽ കൊടുത്തിരിക്കുന്നു.

കയർ മേഖലയുടെ നവീകരണം

134 [452] ഡോ. തോമസ് ഐസക്:

ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ നവീകരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി ആര് തയ്യാറാക്കിയെന്നും, പദ്ധതിയുടെ അടങ്കൽ തുക, ലക്ഷ്യങ്ങൾ, ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ എന്നിവയും വിശദമാക്കാമോ;

(ബി) പദ്ധതി നടത്തിപ്പിന് ആവശ്യമായ പണം ഏതൊക്കെ സ്രോതസ്സുകളിൽ നിന്നും കണ്ടെത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി എന്നു മുതൽ നടപ്പിലാക്കിയെന്നും നാളിതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയെന്നും എന്തു തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കയർ മേഖലയുടെ നവീകരണത്തിനായി മില്ലേനിയം ഡവലപ്പ്മെന്റ് വിഷൻ എന്ന ഡോക്യുമെന്റ് കയർ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. 3,000 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്ന, 5 വർഷം കൊണ്ട് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ലക്ഷ്യമിടുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്:

1. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുക.
2. ചകിരിച്ചോറിൽ നിന്നും കയറിൽ നിന്നും മൂല്യവർദ്ധനവുള്ള കൂടുതൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.
3. സ്വയം തൊഴിൽ സംരംഭങ്ങൾക്കായി ക്ലസ്റ്ററുകൾ സ്ഥാപിക്കുക.
4. കയറ്റുമതി വർദ്ധിപ്പിക്കുക.
5. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
6. നൂതന ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഉപയോഗം വ്യാപകമാക്കുക

തുടങ്ങിയവയാണ്.

† അനുബന്ധം VIII, VIII A & VIII B

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[2-2-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത 133 (451)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

കയർമേഖലയുടെ വികസനം ലക്ഷ്യമാക്കി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് കയർ കോർപ്പറേഷൻ വഴിയും കയർഫെഡ് വഴിയും ഡിസ്ട്രസ് പർച്ചേഴ്സ് പദ്ധതി നടപ്പിലാക്കി വരുന്നു.

2. പീഡിതവും നിഷ്ക്രിയവുമായ കയർ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ധനസഹായം നൽകുന്നു.

3. വിപണന വികസന സഹായം നൽകുന്നു.

4. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു.

5. കയർതൊഴിലാളികൾക്ക് ¼e HP മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത റാട്ടുകളിൽ കയർ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പരിശീലനം നൽകി വരുന്നു.

6. പരിശീലനം ലഭിച്ച കയർ തൊഴിലാളികൾക്ക് മഹിളാ കയർ യോജന പദ്ധതി പ്രകാരം റാട്ടുകൾ വിതരണം ചെയ്തുവരുന്നു.

7. വനിതാ കയർ തൊഴിലാളികളുടെ സ്വയംസഹായസംഘങ്ങൾ രൂപീകരിക്കുന്നതിന് ധനസഹായം നൽകുന്നു.

8. ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി, സ്വകാര്യ മേഖലയിൽ യന്ത്രവൽകൃത ചകിരിമില്ലുകൾ സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് സ്ഥിരനിക്ഷേപ മൂലധനത്തിന്റെ 50% പരമാവധി 10 ലക്ഷം രൂപ സബ്സിഡി നൽകിവരുന്നു.

9. ചകിരിക്ഷാമം പരിഹരിക്കുന്നതിനായി ഒരു റോ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്നതിന് കയർ ഫെഡിനും കയർ കോർപ്പറേഷനും 250 ലക്ഷം രൂപ നൽകി.

10. ചകിരി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടി എടുത്തുവരുന്നു.

11. കയർ മേഖലയിൽ മൂല്യ വർദ്ധിത കയറുൽപ്പന്നങ്ങളുടെ വൈവിദ്ധ്യ വൽക്കരണം, ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കൽ, കയർ സംസ്ക്കരണ യന്ത്രങ്ങളുടെ നവീകരണം, ഗവേഷണ പരിപാടികൾ നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങളോടെ ഒരു ദേശീയ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന്റെ നടപടികൾ തുടങ്ങിക്കഴിഞ്ഞു.

12. കയർ ഊന്നൽ മേഖലയായി കണക്കാക്കി, കയർ ജിയോ ടെക്സ്റ്റൈൽ പൈലറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിന് ധനസഹായം നൽകിവരുന്നു.

13. പിത്ത് യൂട്ടിലൈസേഷൻ പദ്ധികൾക്ക് 30 ശതമാനം സബ്സിഡിയായി നൽകിവരുന്നു.

14. കയർ മേഖലയിൽ കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുവാൻ ധനസഹായം നൽകിവരുന്നു.

15. ആലപ്പുഴയിലും കൊല്ലത്തും മാതൃകാ കയർ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിന് 28 ലക്ഷം രൂപ ഈ വർഷം അനുവദിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII A

[2-2-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത 133 (451)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

2003-2004 വർഷത്തിൽ കയർ മേഖലയുടെ വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികളും ചെലവഴിച്ച തുകയുടെ വിവരവും

	പദ്ധതിയുടെ വിവരം	ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക	ചെലവഴിച്ച തുക
1.	മാർക്കറ്റിംഗ്, പബ്ലിസിറ്റി, പ്രചാരണം ട്രേഡ് എക്സിബിഷൻ, ഷോറൂമുകൾ തുടങ്ങുന്നതിനുള്ള സഹായം.	15,00,000	13,64,777
2.	കേരള കയർ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേയ്ക്കുള്ള ധനസഹായം, കയർ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം.	2,00,00,000	2,00,00,000
3.	ഐ. സി. ഡി. പി. സ്കീം-യന്ത്രവൽകൃത കയർ സ്പിന്നിംഗ് യൂണിറ്റുകൾക്കുള്ള ഗ്രാന്റ്, ഡീഫൈബറിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനും മറ്റുമുള്ള ഗ്രാന്റ്	50,00,000	17,64,798
4.	നഷ്ടത്തിൽ പ്രവർത്തിക്കുന്ന കയർ സഹകരണ സൊസൈറ്റികൾ പുനരുദ്ധരിക്കുന്നതിനുള്ള മാർജിൻ മണി ഗ്രാന്റ്	50,00,000	49,99,712
5.	കയർ വികസന/ഗവേഷണ ടെക്നോളജി സെന്ററുകൾക്കുള്ള ഗ്രാന്റ്	15,00,000	15,00,000
6.	കയർ ഭൂവസ്ത്ര വികസന പരിപാടി	1,00,00,000	1,00,00,000
7.	പിത്ത് യൂട്ടിലൈസേഷൻ ഊർജ്ജ നിർമ്മാണ ടെക്നോളജിയും, പരിസ്ഥിതി നിയന്ത്രണവും.	50,00,000	10,00,000
8.	കയർ തൊഴിലാളികൾക്ക് നേരിട്ടുള്ള സഹായം.	30,00,000	30,00,000

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII A—(തുടർച്ച)

	പദ്ധതിയുടെ വിവരം	ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതുക	ചെലവഴിച്ചതുക
9.	കയർ മേഖലയിൽ ചെറുകിട വ്യവസായികളുടെ ചെറുകിട ഉൽപ്പന്നങ്ങൾക്കുള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ.	30,00,000	30,00,000
10.	കയർ വ്യവസായത്തിലെ റെഗുലേറ്റഡ് മെക്കാനിസം.	2,00,00,000	15,00,000
11.	ട്രെയിനിംഗ് ആന്റ് മാനേജ്മെന്റ് ഇംപ്രൂവ്മെന്റ്.	10,00,000	9,49,687
12.	കയർ വ്യവസായത്തെക്കുറിച്ചുള്ള പഠനം	10,00,000	. .
13.	വ്യവസായ സംരംഭകർക്കുള്ള മാർജിൻ മണി.	30,00,000	20,64,178
14.	പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കുമുള്ള മാർജിൻമണി ലോൺ.	1,20,00,000	1,20,00,000
15.	കയറും കയറുൽപ്പന്നങ്ങളും വിൽക്കുന്നതിനുള്ള മാർക്കറ്റ് വികസന സഹായം.	3,00,00,000 (സംസ്ഥാന വിഹിതം)	2,97,35,980
		3,00,00,000 (കേന്ദ്ര സഹായം)	. .
		15,10,00,000	9,28,79,132

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII B

[2-2-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത 133 (451)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക.]

2004-2005 വർഷത്തിൽ കയർ മേഖലയുടെ വികസനം ലക്ഷ്യമാക്കി സ്വീകരിച്ച നടപടികളുടെയും 31-12-2004 വരെ ചെലവഴിച്ച തുകയുടെയും വിവരം

	പദ്ധതിയുടെ വിവരം	ബഡ്ജറ്റിൽ വകയിരുത്തിട്ടുള്ള തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (31-12-2004 വരെ) (ശതമാനത്തിൽ)
1.	മാർക്കറ്റിംഗ്, പബ്ലിസിറ്റി, പ്രചാരണം, ട്രേഡ് എക്സിബിഷൻ ഷോറൂമുകൾ തുടങ്ങുന്നതിനുള്ള സഹായം.	10	30.98
2.	കേരള കയർ തൊഴിലാളി ക്ഷേനിധി ഫണ്ടിലേക്കുള്ള ധനസഹായം, കയർ സഹകരണ സംഘങ്ങൾക്കുള്ള ധന സഹായം.	300	91.67
3.	ഐ. സി. ഡി. പി. സ്കീം യന്ത്രവൽകൃത കയർ സ്പിന്നിംഗ് യൂണിറ്റുകൾക്കുള്ള ഗ്രാന്റ്. ഡീഫൈബറിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനും മറ്റുമുള്ള ഗ്രാന്റ്.	50	20.44
4.	നഷ്ടത്തിൽ പ്രവർത്തിക്കുന്ന കയർ സഹകരണ സൊസൈറ്റികൾ പുനരുദ്ധരിക്കുന്നതിനുള്ള മാർജിൻ മണി ഗ്രാന്റ്.	75	100
5.	കയർ വികസന/ഗവേഷണ ടെക്നോളജി സെന്ററുകൾക്കുള്ള ഗ്രാന്റ്.	15	100
6.	കയർ ഭൂവസ്ത്ര വികസന പരിപാടി.	50	100
7.	പിത്ത് യൂട്ടിലൈസേഷൻ ഊർജ്ജ നിർമ്മാണ ടെക്നോളജിയും പരിസ്ഥിതി നിയന്ത്രണവും.	50	..
8.	കയർ തൊഴിലാളികൾക്ക് നേരിട്ടുള്ള ധനസഹായം.	15	100
9.	കയർ മേഖലയിലെ ചെറുകിട വ്യവസായികളുടെ ചെറുകിട ഉൽപ്പന്നങ്ങൾക്കുള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ.	15	100

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII B—(തുടർച്ച)

	പദ്ധതിയുടെ വിവരം	ബഡ്ജറ്റിൽ വകയിരുത്തിട്ടുള്ള തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (31-12-2004 വരെ) (ശതമാനത്തിൽ)
10.	കയർ വ്യവസായത്തിലെ റെഗുലേറ്റഡ് മെക്കാനിസം.	250	9·28
11.	ട്രെയിനിംഗ് ആന്റ് മാനേജ്മെന്റ് ഇംപ്രൂവ് മെന്റ്.	20	60·05
12.	കയർവ്യവസായത്തെക്കുറിച്ചുള്ള പഠനം.	20	..
13.	മാതൃകാ കയർ ഗ്രാമം നിർമ്മാണം.	28	..
14.	കയർ വ്യവസായത്തിലെ യന്ത്രവൽക്കരണം, പുതുമ വരുത്തൽ.	30	..
15.	സ്വകാര്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം.	12	100
16.	സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾക്കുള്ള സഹായം.	50	100
17.	എൻ. സി. ഡി. സി., നബാർഡ് എന്നിവയുടെ സഹായത്തോടുകൂടിയുള്ള കയർ വികസന പുനരുദ്ധാരണ പാക്കേജ്.	500	18
18.	വ്യവസായ സംരംഭകർക്കുള്ള മാർജിൻ മണി.	30	23·70
19.	തൊണ്ട്/ചകിരി എന്നിവയുടെ സംഭരണത്തിനുള്ള സഹായം.	150	100
20.	പൊതുമേഖലാ സ്ഥാപനങ്ങൾക്കും സഹകരണ സ്ഥാപനങ്ങൾക്കുമുള്ള മാർജിൻ മണി ലോൺ.	30	100
21.	കയറും കയറുൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റ് വികസന സഹായം. (കേന്ദ്രം+സംസ്ഥാനം).	400+ 400	49·59
22.	മഹിളാ കയർ യോജന (കേന്ദ്ര പദ്ധതി).	75	..
23.	കയർ വ്യവസായം സഹകരണവൽക്കരിക്കൽ (കേന്ദ്ര പദ്ധതി).	480	..
	ആകെ	3055	40·24

LIBRARY ARCHIVES Kerala Legislative Assembly